പതിനാലാം കേരള നിയമസഭ

ഒമ്പതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 1829 — 01.02.2018 ൽ മറുപടിയ്ക്ക്

## സർക്കാർ ആഫീസുകളിലെ ഇ - ഫയൽ സംവിധാനം

| | ചോദ്യം<br>ശ്രീ.സി.മമ്മൂട്ടി | | മറുപടി<br>ശ്രീ.പിണറായി വിജയൻ<br>( മുഖ്യമന്ത്രി ) |
|---|---|---|---|
| (എ) | സെക്രട്ടേറിയറ്റിലും മറ്റ് സർക്കാർ വകുപ്പുകളിലും നടപ്പിലാക്കിയ പുതിയ ഇ - ഫയൽ സിസ്റ്റം ഏതെല്ലാം വകുപ്പുകളിൽ പൂർണ്ണമായി നടപ്പിലാക്കിയിട്ടുണ്ട്; വിശദാംശം പ്രത്യേകം പ്രത്യേകം ലഭ്യമാക്കുമോ; സംസ്ഥാനത്തെ എല്ലാ വകുപ്പുകളിലും ഇ - ഫയൽ സംവിധാനം കൊണ്ടു വരുവാൻ ഉദ്ദേശിക്കുന്നുണ്ടോ; | (എ) | സർക്കാർ ഓഫീസുകൾ പേപ്പർലസ് ആക്കുന്നതിന്റെ ഭാഗമായി സെക്രട്ടേറിയറ്റിലെ എല്ലാ വകുപ്പുകളിലും ഇ-ഓഫീസ് നടപ്പിലാക്കിയിട്ടുണ്ട്. 8 കളക്ടറേറ്റുകൾ, 4 സബ് കളക്ടറേറ്റുകൾ, എന്നിവിടങ്ങളിൽ പൂർണ്ണമായും 6 കളക്ടറേറ്റുകൾ, 3 സബ് കളക്ടറേറ്റുകൾ എന്നിവിടങ്ങളിൽ ഭാഗികമായും, ഇ-ഓഫീസ് നടപ്പിലാക്കിയിട്ടുണ്ട്. ഇതിന് പുറമേ 19 ഡയറക്ടറേറ്റുകളിലും / കമ്മീഷണറേറ്റുകളിലും ഇ-ഓഫീസ് നടപ്പിലാക്കിയിട്ടുണ്ട്. സംസ്ഥാനത്തെ എല്ലാ വകുപ്പുകളിലും ഇ-ഫയൽ സംവിധാനം നടപ്പിലാക്കുവാൻ ഇതിനോടകം തീരുമാനിച്ചിട്ടുണ്ട്. |
| (ബി) | ഇ - ഫയൽ സംവിധാനത്തിൽ ഫയലുകൾ പ്രോസ്സസ് ചെയ്യുമ്പോൾ ഐ.റ്റി ആക്ട് 2000 സെക്ഷൻ3, 3എ, 4, 5, 6 എന്നീ വകുപ്പുകൾ അനുസരിച്ചുള്ള നടപടിക്രമം പാലിക്കുന്നുണ്ടോ; പ്രസ്തുത നിയമ പ്രകാരം ഫയലിലെ തീരുമാനങ്ങൾ ഡിജിറ്റൽ സിഗ്നേച്ചർ വഴി വാലിഡേറ്റ് ചെയ്യാറുണ്ടോ; | (ബി) | ഇ—ഫയൽ സംവിധാനത്തിൽ ഫയലുകൾ പ്രോസസ്സ് ചെയ്യുന്നത് ഐ.റ്റി. നിയമം അനുസരിച്ചാണ്. ഇതിൽ നോട്ടുകളും കരടുകത്തുകളും ഡിജിറ്റൽ ഒപ്പോടുകൂടി അയയ്ക്കാനും സംവിധാനമുണ്ട്. പുറത്തേക്കുള്ള കത്തുകളും മറ്റും ഡിജിറ്റൽ ഒപ്പോടുകൂടി ഇലക്ട്രോണിക് ആയി അയച്ചാലും ഇ —ഫയൽ വഴി അംഗീകരിച്ച കത്തുകളും മറ്റും ഒപ്പിടാൻ അധികാരപ്പെടുത്തിയിട്ടുള്ള ഉദ്യോഗസ്ഥൻ സ്വമേധയാ ഒപ്പിട്ട് ഫിസിക്കലായി അയച്ചാലും ഐ.റ്റി നിയമ പ്രകാരം സാധുവാണ്. |
| (സി) | സെക്രട്ടേറിയറ്റിലെ മന്ത്രിമാർ ഉൾപ്പെടെയുള്ള ഏത് ഉദ്യോഗസ്ഥതലം വരെ ഡിജിറ്റൽ സിഗ്നേച്ചർ സംവിധാനം ചട്ടപ്രകാരം വിതരണം ചെയ്തിട്ടുണ്ട്; വിശദാംശം ലഭ്യമാക്കാമോ; 2016 മേയ് | (സി) | സെക്രട്ടേറിയറ്റിലെ സെക്ഷൻ ഓഫീസർ മുതൽ മുകളിലേക്കുള്ള ഉദ്യോഗസ്ഥർക്ക് അവർ അപേക്ഷ ലഭ്യമാക്കുന്ന മുറയ്ക്ക് ഡിജിറ്റൽ സിഗ്നേച്ചർ സർട്ടിഫിക്കറ്റ് അനുവദിക്കുന്നുണ്ട്.<br>ഉത്തരവുകളിലും മറ്റും ഡിജിറ്റൽ ഒപ്പ് ഇല്ല എങ്കിൽ |

| | | | |
|---|---|---|---|
| | മുതൽ പുറത്തിറങ്ങിയ സർക്കാർ ഉത്തരവുകൾ, സർക്കുലറുകൾ എന്നിവ ഐ.റ്റി ആക്ട് 2000 ലെ സെക്ഷൻ 3, 3എ, 4, 5, 6 എന്നിവ പ്രകാരം ഡിജിറ്റലായി വാലിഡേറ്റ് ചെയ്തിട്ടുണ്ടോ; ഇല്ലെങ്കിൽ വാലിഡേറ്റ് ചെയ്യാൻ നടപടി സ്വീകരിക്കുമോ; | | കൂടി ഒപ്പിട്ടതിന്റെ സ്കാൻ ചെയ്ത പകർപ്പ് അതിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടെങ്കിൽ അത് ഐ.റ്റി നിയമ പ്രകാരം സാധുവാണ്. ഉത്തരവിലും സർക്കുലറിലും ഒപ്പിടുന്നതിന് അധികാരപ്പെടുത്തിയിട്ടുള്ള ഉദ്യോഗസ്ഥൻ ഫിസിക്കലായി ഒപ്പിടുകയും ആയതിന്റെ സ്കാൻ ചെയ്ത പകർപ്പ് ഫയലിൽ ഉൾപ്പെടുത്തുകയും ചെയ്തിട്ടുണ്ടെങ്കിൽ ഐ.റ്റി നിയമപ്രകാരം സാധുവാണ്. |
| (ഡി) | വാലിഡേറ്റ് ചെയ്തിട്ടില്ലെങ്കിൽ അത് സാധൂകരിക്കുന്നതിനായി സർക്കാർ ഏതെങ്കിലും ഉത്തരവുകളോ ചട്ടങ്ങളോ പുറപ്പെടുവിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അത് ഐ.റ്റി ആക്ട് ലെ ചട്ടങ്ങൾക്ക് വിരുദ്ധമാകുമോ എന്ന് പരിശോധിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ പരിശോധിക്കാൻ നടപടി സ്വീകരിക്കുമോ; | (ഡി) | ഒരു ഇ-ഫയലിൽ പുറത്തേക്കുള്ള കത്തിടപാടുകൾ ഡിജിറ്റലായി ഒപ്പിട്ടതായിരിക്കണം എന്ന നിർദ്ദേശം ഇതിനോടകം നൽകിയിട്ടുണ്ട്. ഡിജിറ്റലായി ഒപ്പിട്ടതും ഫിസിക്കലായി ഒപ്പിട്ടതുമായ പകർപ്പുകൾ ഐ.റ്റി നിയമ പ്രകാരം സാധുവാണ്. |
| (ഇ) | ഡിജിറ്റൽ സിഗ്നേച്ചർ വഴി ഉദ്യോഗസ്ഥർ ഇ - ഫയൽ സംവിധാനത്തിൽ വാലിഡേറ്റ് ചെയ്യാത്ത പക്ഷം ആ ഫയൽ പ്രസ്തുത ഉദ്യോഗസ്ഥൻ കണ്ടിട്ടില്ലാ എന്ന അനുമാനത്തിൽ പിന്നീട് അഴിമതി നടക്കാൻ സാധ്യത ഉള്ള കാര്യം സർക്കാർ ഗൗരവമായി കണക്കാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ എല്ലാ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കും ഡിജിറ്റൽ സിഗ്നേച്ചർ വിതരണം ചെയ്ത് സിവിൽ സർവ്വീസ് അഴിമതി മുക്തമാക്കാൻ നടപടി സ്വീകരിക്കുമോ? | (ഇ) | ഒരു ഉദ്യോഗസ്ഥൻ ഒരു ഫയലിൽ തന്റെ അഭിപ്രായം രേഖപ്പെടുത്തി അയയ്ക്കുമ്പോൾ തന്നെ ആ ഉദ്യോഗസ്ഥന്റെ പേര്, തീയതി, സമയം എന്നിവ അഭിപ്രായം രേഖപ്പെടുത്തിയതിനു താഴെയായി പ്രിന്റ് ചെയ്യപ്പെടും. കത്ത് / ഉത്തരവ് / സർക്കുലർ എന്നിവ അംഗീകരിക്കുന്ന ഉദ്യോഗസ്ഥന്റെ വിവരങ്ങളും രേഖപ്പെടുത്തുന്ന സംവിധാനം ഇ-ഓഫീസിൽ ഉണ്ട്.<br><br>ഡിജിറ്റൽ ഒപ്പ് ഇല്ല എങ്കിൽ കൂടി ഇ ഫയൽ കൈകാര്യം ചെയ്തത് ആര് എന്ന് ഉപയോക്താവിന്റെ login credentials വഴിയും എളുപ്പത്തിൽ മനസ്സിലാക്കാനും അതുവഴി ഇ ഫയലിന്റെ ആധികാരികത പരിശോധിക്കുവാനും കഴിയും. പുറത്തേയ്ക്കുള്ള കത്തുകളും മറ്റും ഒപ്പിടാൻ അധികാരപ്പെടുത്തിയിട്ടുള്ള ഉദ്യോഗസ്ഥർക്ക് മാത്രം ഡിജിറ്റൽ സിഗ്നേച്ചർ സംവിധാനം ഏർപ്പെടുത്തിയാൽ മതിയാകും. |

**സെക്ഷൻ ഓഫീസർ**